# വനം കൈയേറ്റക്കാരെ കർശനമായി നേരിടണം

വനങ്ങൾക്കും വനസമ്പത്തിനും നാശനഷ്ടമുണ്ടാക്കുന്നവർക്കെതിരെ കോടതികൾ അനുഭാവ പൂർണ്ണമായ സമീപനം കൈക്കൊള്ളുന്നത് ശരിയല്ലെന്ന് സുപ്രീംകോടതി വിധിച്ചിരിക്കുന്നു.

പ്രകൃതി സമ്പത്ത് എന്ന നില മാത്രമല്ല ശുദ്ധവായു നൽകി ജീവനെ സംരക്ഷിക്കുന്ന മഹത്വവും വനങ്ങൾക്കുണ്ട്. അവ സംരക്ഷിക്കപ്പെടാത്ത പക്ഷം ഭൂമിയുടെയും അന്തരീക്ഷത്തിന്റെയും സുസ്ഥിതി തകരാറിലാവും. അതുകൊണ്ട്, വനങ്ങളേയും വന ഉൽപന്നങ്ങളേയും ആക്രമിക്കുന്നവർക്കെതിരെ കണ്ണടയ്ക്കുവാനോ മയപ്പെടുത്തിയ നിലപാടെടുക്കുവാനോ കോടതികൾക്ക് സാധ്യമല്ല. അത്തരം നിലപാടുകൾ വനങ്ങൾക്കെതിരായ നടപടികളെടുക്കുന്നവർക്ക് ഭാവിയിൽ പ്രോത്സാഹനമായി ഭവിക്കും. അതുകൊണ്ട് നിയമം അനുശാസിക്കുന്ന നടപടികൾ വനം കൈയേറ്റക്കാർക്കെതിരെ എടുക്കുക തന്നെ വേണം- സുപ്രീംകോടതി ജഡ്ജി ആർ.പി. സേഥിയുടെ വിധിന്യായത്തിന്റെ ചുരുക്കം ഇതാണ്.

വനം കൈയേറി മുറിച്ചെടുത്ത തടിക്കഷണങ്ങൾ കടത്താനുപയോഗിച്ച ലോറി കീഴ്ക്കോടതി ഏർപ്പെടുത്തിയ കർശന വ്യവസ്ഥകൾ ലഘൂകരിച്ച് ലളിതമായ വ്യവസ്ഥയിൽ ലോറിയുടെ ഉടമസ്ഥനു വിട്ടുകൊടുത്ത കർണ്ണാടക ഹൈക്കോടതിയുടെ വിധിക്കെതിരെ സർക്കാർ നൽകിയ അപ്പീലിലാണ് ജസ്റ്റിസ് സേഥിയുടെ ഈ വിധി ഉണ്ടായത്.